സ്കൂളുകളിൽ നാപ്കിൻ വെൻഡിങ് മെഷീൻ നിർബന്ധമാക്കി

സ്വന്തം ലേഖകൻ

തിരുവനന്തപുരം

പെൺകുട്ടികൾ ഉള്ള മുഴുവൻ പൊതുവിദ്യാലയങ്ങളിലും നാപ്കിൻ വെൻഡിങ് മെഷീൻ നിർബന്ധമായും സ്ഥാപിക്കണമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദേശം നൽകി. അവ സംസ്കരിക്കാനുള്ള സംവിധാനവും ഒരുക്കണം. ഇതിന് തദ്ദേശ സ്ഥാപനങ്ങളുടെ സഹായം തേടാം.

‘മാലിന്യ മുക്ത കേരളം’ പദ്ധതിയുടെ ഭാഗമായി സ്കൂൾ പരിസരങ്ങൾ എപ്പോഴും വൃത്തിയായി സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ മൂന്ന് ഘട്ടമായി നടപ്പാക്കാനും നിർദേശിച്ചു.

ജൂലൈ അഞ്ച് വരെയുള്ള അടിയന്തരഘട്ടം, ജൂലൈ ഒന്നുമുതൽ 31 വരെയുള്ള ഹ്രസ്വകാല പ്രവർത്തനഘട്ടം, മൂന്നാംഘട്ടമായി 2024 മാർച്ച് 30 വരെയുള്ള ദീർഘകാല പ്രവർത്തനം എന്നിവ സ്കൂൾ പിടിഎയുടെ സഹായത്തോടെ ആസൂത്രണം ചെയ്യണം. ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനമുണ്ടാക്കി ജൂൺ അഞ്ചിന് സീറോ വേസ്റ്റ് ക്യാമ്പസായി പ്രഖ്യാപിക്കണം. അജൈവമാലിന്യം തരംതിരിച്ച് ശേഖരിക്കാൻ ക്ലാസുകളിലും കെട്ടിടത്തിലും ബിന്നുകൾ സ്ഥാപിക്കണം. സ്കൂൾ യോഗങ്ങളിൽ സ്റ്റീൽ പാത്രങ്ങൾ ഉപയോഗിക്കണം. ഹരിത മാർഗരേഖ എല്ലാ സ്കൂളിലും നടപ്പാക്കണം. പ്ലാസ്റ്റിക്, മറ്റ് മാലിന്യം എന്നിവ തദ്ദേശ സ്ഥാപനങ്ങളുടെ സഹായത്തോടെ ശാസ്ത്രീയമായി സംസ്കരിക്കാനും സംവിധാനമൊരുക്കണമെന്ന് പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ എം കെ ഷൈൻമോൻ നിർദേശിച്ചു.

എറണാകുളം ഗവ. മെഡി. കോളേജിൽ ഡോക്ടറെ കൈയേറ്റംചെയ്തയാൾ റിമാൻഡിൽ

കളമശേരി

എറണാകുളം ഗവ. മെഡിക്കൽ കോളേജിലെ ഡ്യൂട്ടി ഡോക്ടറെ കൈയേറ്റം ചെയ്ത യുവാവിനെ കളമശേരി പൊലീസ് അറസ്റ്റ് ചെയ്തു. അത്യാഹിത വിഭാഗത്തിലെ ഹൗസ്‌സർജൻ ഡോ. ഇർഫാൻ ഖാനുനേരെ തിങ്കൾ രാത്രി 10.45 നാണ് കൈയേറ്റമുണ്ടായത്. അറസ്റ്റിലായ വട്ടേക്കുന്നം ഡിഡി കോട്ടേജിൽ കുരിശിങ്കൽ വീട്ടിൽ ഡോയൽ വാൻഡ്രിക്കി (24)നെ കോടതി റിമാൻഡ് ചെയ്തു. കളമശേരിയിൽ വാഹനാപകടത്തിൽ പരിക്കേറ്റ ഡോയലിനെ സുഹൃത്തുക്കളാണ് അത്യാഹിത വിഭാഗത്തിൽ എത്തിച്ചത്. മറ്റൊരു ഡോക്ടർ പ്രഥമശുശ്രൂഷ നൽകി നിരീക്ഷണക്കിടക്കയിലേക്ക് മാറ്റി. ഈ സമയത്ത് തൊട്ടടുത്ത കട്ടിലിലെ രോഗിയെ ചികിത്സിക്കുകയായിരുന്ന ഡോ. ഇർഫാൻ ഖാനെ ഡോയൽ അസഭ്യം പറയുകയും മുഖത്തടിക്കുകയുമായിരുന്നു. വധഭീഷണിയും മുഴക്കി. മറ്റ് ഡോക്ടർമാരും രോഗികളുടെ കൂട്ടിരിപ്പുകാരും ജീവനക്കാരും ചേർന്നാണ് കൂടുതൽ ആക്രമണമുണ്ടാകാതെ തടഞ്ഞത്. ഇതിനിടെ, ഡോയൽ ഓട്ടോറിക്ഷയിൽ കയറി രക്ഷപ്പെടാൻ ശ്രമിച്ചെങ്കിലും തടഞ്ഞു. ഉടൻ കളമശേരി എസ്എച്ച്ഒ പി ആർ സന്തോഷും സംഘവുമെത്തി കസ്റ്റഡിയിലെടുത്തു. ഇയാൾ മദ്യലഹരിയിലായിരുന്നെന്ന് പൊലീസ് പറഞ്ഞു. ആശുപത്രി ജീവനക്കാരുടെ ജോലി തടസ്സപ്പെടുത്തിയതിനും ദേഹോപദ്രവം ഏൽപ്പിച്ചതിനും അസഭ്യം പറഞ്ഞതിനുമാണ് കേസ്.

പ്രതി ഡോയൽ വാൻഡ്രിക്ക്

പി ജെ ജോസഫ് കേരള കോൺഗ്രസ് ചെയർമാൻ

കോട്ടയം

കേരള കോൺഗ്രസ് ചെയർമാനായി പി ജെ ജോസഫിനെ കോട്ടയത്ത് ചേർന്ന സംസ്ഥാന കമ്മിറ്റി യോഗം തെരഞ്ഞെടുത്തു. വർക്കിങ് ചെയർമാനായി പി സി തോമസിനെയും എക്സിക്യൂട്ടീവ് ചെയർമാനായി മോൻസ് ജോസഫ് എംഎൽഎയെയും സെക്രട്ടറി ജനറലായി ജോയി എബ്രഹാമിനെയും ചീഫ് കോഓർഡിനേറ്ററായി ടി യു കുരുവിളയെയും തെരഞ്ഞെടുത്തു. കെ ഫ്രാൻസിസ് ജോർജ്, തോമസ് ഉണ്ണിയാടൻ എന്നിവരാണ് ഡെപ്യൂട്ടി ചെയർമാൻമാർ. വൈസ് ചെയർമാൻമാർ: വക്കച്ചൻ മറ്റത്തിൽ, ജോസഫ് എം പുതുശ്ശേരി, ഇ ജെ ആഗസ്തി, എം പി പോളി, കൊട്ടാരക്കര പൊന്നച്ചൻ, ഡി കെ ജോൺ, ജോൺ കെ മാത്യൂസ്, കെ എഫ് വർഗീസ്, മാത്യു ജോർജ്, രാജൻ കണ്ണാട്ട്, അഹമ്മദ് തോട്ടത്തിൽ, വി സി ചാണ്ടി, കെ എ ഫിലിപ്പ്, ഡോ. ഗ്രേസമ്മ മാത്യു. ട്രഷറർ: ഡോ. എബ്രഹാം കലമണ്ണിൽ.

നായനാർദിനം സമുചിതം ആചരിക്കുക

തിരുവനന്തപുരം

മുൻ മുഖ്യമന്ത്രിയും സിപിഐ എം പൊളിറ്റ്ബ്യൂറോ അംഗവുമായിരുന്ന ഇ കെ നായനാരുടെ 19–ാം ചരമവാർഷിക ദിനം 19ന് സമുചിതം ആചരിക്കണമെന്ന് സിപിഐ എം സംസ്ഥാന സെക്രട്ടറിയറ്റ്. പാർടി പതാക ഉയർത്തിയും ഓഫീസ് അലങ്കരിച്ചും അനുസ്മരണയോഗം സംഘടിപ്പിച്ചും സ്മരണ പുതുക്കണം. കേരളത്തിൽ തൊഴിലാളിവർഗ പ്രസ്ഥാനങ്ങളും കമ്യൂണിസ്റ്റ് പാർടിയും കെട്ടിപ്പടുക്കുന്നതിൽ മഹത്തായ സംഭാവന നൽകിയ നേതാവാണ് നായനാർ.

നന്നേ ചെറുപ്പത്തിൽ പൊതുപ്രവർത്തനരംഗത്തെത്തി, സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിലും ഭാഗമായി. അദ്ദേഹം അടക്കമുള്ള നേതാക്കൾ ഉയർത്തിപ്പിടിച്ച മൂല്യങ്ങൾക്ക് ക്ഷതമേൽപ്പിച്ച് ജനാധിപത്യധ്വംസനം നടത്തുന്ന ബിജെപിക്കെതിരെ ശക്തമായ പ്രതിരോധമുയർത്തേണ്ട സാഹചര്യത്തിലാണ് നായനാർ സ്മരണ പുതുക്കുന്നത്.

ദുർബല ജനവിഭാഗങ്ങളെ സംഘടിപ്പിക്കുന്നതിൽ നേതൃപരമായ പങ്കുവഹിച്ച നായനാർ ജാതിമേൽക്കോയ്മയ്ക്കും നാടുവാഴിത്തത്തിനും ജന്മിത്തത്തിനുമെതിരെ പൊരുതി. ദൈനംദിന ജീവിതപ്രശ്നങ്ങൾ ഉയർത്തിയുള്ള പ്രക്ഷോഭങ്ങളെ സാമ്രാജ്യത്വവിരുദ്ധ രാഷ്ട്രീയവുമായി യോജിപ്പിച്ചു. മികച്ച സംഘാടകൻ, പ്രക്ഷോഭകാരി, പ്രഭാഷകൻ, പത്രപ്രവർത്തകൻ, ഭരണാധികാരി എന്നീ നിലകളിലെല്ലാം നിറഞ്ഞുനിന്ന നേതാവായിരുന്നു നായനാരെന്നും സെക്രട്ടറിയറ്റ് പ്രസ്താവനയിൽ പറഞ്ഞു.

കൃഷിക്കൂട്ടം തയ്യാർ

പെരിന്തൽമണ്ണ

കാർഷിക മേഖലയുടെ കുതിപ്പേറ്റാൻ ‘കൃഷിക്കൂട്ടം’. ഒരുപ്രദേശത്തെ കാർഷിക പ്രവർത്തനങ്ങൾക്ക് സജ്ജമായ വ്യക്തികളുടെ കൂട്ടായ്മകളെ കൃഷിക്കൂട്ടം എന്ന പേരിൽ യോജിപ്പിപ്പിക്കുന്നതാണ് പദ്ധതി. മൂല്യവർധന മേഖലയിലെ 1000 കൃഷിക്കൂട്ടങ്ങളുടെയും സേവന മേഖലയിലെ 200 യന്ത്രവൽകൃത കൃഷിക്കൂട്ടങ്ങളുടെയും സംസ്ഥാനതല പ്രവർത്തനോദ്ഘാടനം പെരിന്തൽമണ്ണ ശിഫ കൺവൻഷൻ സെന്ററിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. അടുത്തടുത്ത വീടുകൾ, കൃഷിയിടങ്ങൾ എന്നിവ ആധാരമാക്കിയാണ് കൃഷിക്കൂട്ടങ്ങൾ. ഒരു വാർഡിൽനിന്ന് അഞ്ചുമുതൽ 25 വരെ അംഗങ്ങൾ ഉൾക്കൊള്ളുന്ന, അഞ്ചുസെന്റുമുതൽ രണ്ട് ഏക്കർവരെ ആകെ കൃഷിചെയ്യുന്നതുമായ സംഘമാണിത്. ചടങ്ങിൽ മന്ത്രി പി പ്രസാദ് അധ്യക്ഷനായി. കാർഷിക മൂല്യവർധിത ഉൽപ്പന്നങ്ങളുടെ പ്രദർശനം മന്ത്രി വി അബ്ദുറഹ്മാൻ ഉദ്ഘാടനംചെയ്തു. കൃഷി പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ബി അശോക് സ്വാഗതവും കൃഷി ഡയറക്ടർ കെ എസ് അഞ്ജു നന്ദിയും പറഞ്ഞു.

തദ്ദേശസ്ഥാപനങ്ങൾ ഇനി സമൂഹമാധ്യമങ്ങളിലും തിളങ്ങും

എം വി പ്രദീപ്

തിരുവനന്തപുരം

തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി വിവരങ്ങളും ആനുകൂല്യങ്ങളും അപ്പപ്പോൾ സമൂഹമാധ്യമങ്ങളിലൂടെ അറിയാം. ഇതിനായി സർക്കാർ പ്രത്യേക പദ്ധതി ആവിഷ്കരിച്ചു. എല്ലാ കോർപറേഷൻ, നഗരസഭ, പഞ്ചായത്തുകൾക്കും സമൂഹമാധ്യമങ്ങളിൽ ഔദ്യോഗിക അക്കൗണ്ട് തുറക്കുന്നതിനും ക്ഷേമ പദ്ധതികളുടെയും വികസന പദ്ധതികളുടെയും വിവരങ്ങൾ തത്സമയം അപ്‌ലോഡ് ചെയ്യുന്നതിനും പ്രത്യേക സംഘത്തെയോ ഏജൻസികളെയോ ചുമതലപ്പെടുത്താം. മന്ത്രി എം ബി രാജേഷ് മുഴുവൻ തദ്ദേശ സ്ഥാപനങ്ങളിലും ഇതിന് സൗകര്യമൊരുക്കാൻ നിർദേശിച്ചു. കൊച്ചി, കോഴിക്കോട് മേയർമാരുടെ അപേക്ഷയിലാണ് നടപടി. സമൂഹമാധ്യമ അക്കൗണ്ടുകൾ കൈകാര്യം ചെയ്യാൻ പ്രാവീണ്യമുള്ളവരെ മത്സരാടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് തെരഞ്ഞെടുക്കാം. കോർപറേഷനുകളിൽ പ്രതിവർഷം ഇതിനായി അഞ്ചുലക്ഷം രൂപവരെ തനതു ഫണ്ടിൽനിന്ന് ചെലവഴിക്കാം. നഗരസഭയിൽ മൂന്നുലക്ഷവും പഞ്ചായത്തുകളിൽ രണ്ടുലക്ഷം രൂപവരെയും വിനിയോഗിക്കാം.

2013ലെ ബജറ്റ് പ്രഖ്യാപനം കടലാസിൽ

ലോക്കോ പൈലറ്റുമാർക്ക് ശുചിമുറിയില്ല

- 20,000 യാത്രാട്രെയിനിൽ എൻജിൻ ക്യാബിനിൽ ശുചിമുറിയുള്ളത് 49 എണ്ണത്തിൽമാത്രം, വന്ദേഭാരതിലുമില്ല
- 1000 വനിതകൾ ഉൾപ്പെടെ 60,000 എൻജിൻ ഡ്രൈവർമാർ ദുരിതത്തിൽ

സുനീഷ് ജോ

തിരുവനന്തപുരം

ലോക്കോ പൈലറ്റ് ജോലി ആതിരയുടെ (പേര് യഥാർഥമല്ല) സ്വപ്നമായിരുന്നു. ആ സ്വപ്നം സഫലമായതിന്റെ സന്തോഷം ഇന്ന് അവൾക്കില്ല. അടിക്കടി മൂത്രാശയ അണുബാധ അനുഭവിക്കുന്ന നിരവധി റെയിൽവേ എൻജിൻ ഡ്രൈവർമാരിൽ ഒരുവളാണ് അവളും. വേറെ ജോലി ലഭിച്ചാൽ ഇതുപേക്ഷിക്കാൻ മനസ്സ് പാകപ്പെട്ടു. 60,000 എൻജിൻ ഡ്രൈവർമാരിൽ 1000 വനിതകളുണ്ട്. ഇതിൽ കേരളത്തിൽ പാലക്കാട്, തിരുവനന്തപുരം ഡിവിഷനുകളിലെ 51 വനിതകളുമുണ്ട്.

1988ൽ ആണ് വനിതകളെ എൻജിൻ ഡ്രൈവർമാരായി ഇന്ത്യൻ റെയിൽവേ നിയമിക്കുന്നത്. എൻജിൻ ക്യാബിനിൽ ശുചിമുറി സ്ഥാപിക്കുമെന്ന് 2013ലെ ബജറ്റിൽ പ്രഖ്യാപിച്ചെങ്കിലും 10 വർഷത്തിനിപ്പുറം ഇരുപതിനായിരത്തോളം വരുന്ന യാത്രാട്രെയിനുകളിൽ 49 എണ്ണത്തിൽ മാത്രമാണ് ഈ സൗകര്യം ഒരുക്കിയത്. നിരവധി റെയിൽവേ ഹൈപവർ കമ്മിറ്റികളും മനുഷ്യാവകാശ കമീഷനുകളും ആവശ്യം ഉന്നയിച്ചിട്ടും അധികൃതരോ സർക്കാരോ ചെവിക്കൊണ്ടില്ല. ഫലം നിരവധി പേർ രോഗികളായി. ആർത്തവ സമയങ്ങളിൽ പാഡ് മാറ്റിവയ്ക്കാനുള്ള സൗകര്യവുമില്ല. പത്തും പന്ത്രണ്ടും മണിക്കൂർ ജോലി ചെയ്യേണ്ടി വരുമ്പോൾ കുടിവെള്ളം വേണ്ടെന്നുവച്ചാണ് പലരും പിടിച്ചുനിൽക്കുന്നത്.

തൃശൂരിൽനിന്ന് ഈറോഡ് എത്താൻ ഏഴു മണിക്കൂർ വേണമെന്ന് സന്ധ്യ (പേര് യഥാർഥമല്ല) പറഞ്ഞു. തൃശൂർ വിട്ടാൽ പ്ലാറ്റ് ഫോമിന്റെ അറ്റത്ത് ടോയ്‌ലെറ്റ് സൗകര്യമുള്ളത് ഈറോഡിൽമാത്രം. ആധുനിക സൗകര്യങ്ങളുണ്ടെന്ന് കൊട്ടിഘോഷിക്കുന്ന വന്ദേഭാരത് എക്സ്പ്രസിലും എൻജിൻ ക്യാബിനിൽ ശുചിമുറിയില്ല.

യാത്രാട്രെയിനുകളേക്കാൾ ദുരിതമാണ് ഗുഡ്സ് ട്രെയിനുകളിൽ. ശരാശരി 750 മീറ്റർ നീളമുള്ള കോച്ചുകളാണ് ഗുഡ്സ് ട്രെയിനുകൾക്ക്. പ്ലാറ്റ്ഫോമിലെ ശുചിമുറിയിൽപ്പോലും കാര്യം സാധിക്കാനാകില്ല.

ദക്ഷിണ റെയിൽവേയിൽ 4595 പേർ

ദക്ഷിണ റെയിൽവേയിൽ 4595 എൻജിൻ ഡ്രൈവർമാരാണുള്ളത്. അതിൽ 189 പേരാണ് വനിതകൾ. ഒരു ട്രെയിൻ എൻജിനിലാണ് ശുചിമുറി സജ്ജീകരിച്ചതെന്ന് വിവരാവകാശ നിയമപ്രകാരമുള്ള ചോദ്യത്തിന് മറുപടിയിൽ റെയിൽവേ അറിയിച്ചു. വട്ടിയൂർക്കാവ് സ്വദേശി അജയ് എസ് കുമാറാണ് അപേക്ഷ നൽകിയത്.

നിലവിൽ 3054 കാട്ടാന; കണക്കെടുപ്പ് ഇന്നുമുതൽ

തിരുവനന്തപുരം

കേരളത്തിന്റെ അധീനതയിലുള്ള വനമേഖലകളിൽ എത്ര ആനകളുണ്ട് എന്നറിയാൻ ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിൽ കണക്കെടുപ്പ് . 2017ലെ അവസാന കണക്കെടുപ്പിൽ 3054 കാട്ടാനകൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ആറുവർഷത്തിനുശേഷമാണ് പുതിയ കണക്കെടുപ്പ്. നേരിട്ട് നിരീക്ഷിച്ചുള്ള കണക്കെടുപ്പ്, ആനപ്പിണ്ടം നോക്കിയുള്ള കണക്കെടുപ്പ്, ജലസ്രോതസ്സുകൾ കേന്ദ്രീകരിച്ചുള്ള കണക്കെടുപ്പ് എന്നീ രീതികളാണ് ഉപയോഗിക്കുന്നത്.

ആന എത്രപ്രാവശ്യം പിണ്ടം ഇടും, പിണ്ടം എത്രകാലം നശിക്കാതെ നിൽക്കും എന്നിങ്ങനെ പരിശോധിക്കുന്നതാണ് ‘ഡങ് കൗണ്ട് മെത്തേഡ്’. വനം വകുപ്പ് ഉദ്യോഗസ്ഥർ ഉൾപ്പെട്ട ശാസ്ത്രീയ പരിശീലനം ലഭിച്ച സംഘമാണ് കണക്കെടുപ്പ് നടത്തുന്നത്. കൊമ്പൻ, പിടി എന്നിങ്ങനെ വേർതിരിച്ചുള്ള എണ്ണം ശേഖരിക്കും. കണക്കെടുപ്പിന്റെ വിവരം കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും.

‘സാദരം എം ടി ഉത്സവ’ത്തിന് തുടക്കം

മലയാളത്തിന്റെ സുകൃതത്തിന് സാദരം

സ്വന്തം ലേഖകൻ

തിരൂർ

- പ്രഥമ കേരളജ്യോതി പുരസ്കാരം എം ടിക്ക് മുഖ്യമന്ത്രി സമ്മാനിച്ചു

ഭാഷാപിതാവിന്റെ മണ്ണിന് ചൊവ്വാഴ്ചയുടെ സായാഹ്നം അത്രമേൽ അപൂർവമായിരുന്നു. നവതിയിലെത്തിയ മലയാളത്തിന്റെ സാഹിത്യഗോപുരം എം ടി വാസുദേവൻ നായർക്കുള്ള ആദരവായിരുന്നു ചടങ്ങ്. വേദിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ, നടൻ മമ്മൂട്ടി, നോവലിസ്റ്റ് സി രാധാകൃഷ്ണൻ, മന്ത്രിമാരായ സജി ചെറിയാൻ, വി അബ്ദുറഹിമാൻ എന്നിവർ. സദസ്സിൽ എം ടിയെ വായിച്ചും അറിഞ്ഞും ഹൃദയത്തിലേറ്റിയ ആയിരങ്ങൾ. നാടിന്റെ പ്രിയ സാഹിത്യകാരന് സാംസ്കാരിക വകുപ്പും തുഞ്ചൻ സ്മാരക ട്രസ്റ്റും സംഘടിപ്പിച്ച ‘സാദരം എം ടി ഉത്സവ’ത്തിന് തുഞ്ചൻപറമ്പിൽ തുടക്കം.

പരിപാടി മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനംചെയ്തു. സംസ്ഥാന സർക്കാരിന്റെ പ്രഥമ കേരളജ്യോതി പുരസ്കാരം എം ടിക്ക് മുഖ്യമന്ത്രി സമ്മാനിച്ചു. മമ്മൂട്ടി മുഖ്യപ്രഭാഷണം നടത്തി. സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ അധ്യക്ഷനായി. എം ടിയുടെ പുസ്തകങ്ങളും ചിത്രങ്ങളുമടങ്ങിയ ‘കാഴ്ച’ പ്രദർശനം കായിക മന്ത്രി വി അബ്ദുറഹ്മാൻ ഉദ്ഘാടനംചെയ്തു. സി രാധാകൃഷ്ണൻ അനുമോദന ഭാഷണം നടത്തി. ആദരവിന് എം ടി വാസുദേവൻ നായർ മറുമൊഴിയേകി. ട്രസ്റ്റ് സെക്രട്ടറി പി നന്ദകുമാർ എംഎൽഎ സ്വാഗതവും ഡോ. കെ ശ്രീകുമാർ നന്ദിയും പറഞ്ഞു. തുടർന്ന് പുഷ്പവതി പാടുന്നു ഗാനസന്ധ്യയും അരങ്ങേറി. അഞ്ചുനാൾ നീണ്ടുനിൽക്കുന്ന ‘സാദരം എം ടി ഉത്സവം’ 20ന് സമാപിക്കും.

ഇന്ന് കുടുംബശ്രീ സ്ഥാപിതദിനം

രജതജൂബിലി ആഘോഷം സമാപനവും കുടുംബശ്രീദിന പ്രഖ്യാപനവും ഇന്ന്

തിരുവനന്തപുരം

കുടുംബശ്രീദിന പ്രഖ്യാപനവും രജതജൂബിലി ആഘോഷങ്ങളുടെ സമാപന ചടങ്ങിന്റെ ഉദ്ഘാടനവും ബുധൻ പകൽ 3.30ന് പുത്തരിക്കണ്ടം മൈതാനിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

1998ൽ ഇ കെ നായനാർ മുഖ്യമന്ത്രിയായിരിക്കെ അന്നത്തെ തദ്ദേശമന്ത്രി പാലോളി മുഹമ്മദ് കുട്ടിയാണ് കുടുംബശ്രീയെന്ന ആശയത്തിന് ജീവൻ നൽകിയത്. 1997ൽ അദ്ദേഹം നിയമിച്ച കമ്മിറ്റിയാണ് പദ്ധതി രൂപകൽപ്പന ചെയ്തത്. തുടർന്ന് 1998 മെയ് 17ന് കുടുംബശ്രീ രൂപീകൃതമായി. ദാരിദ്ര്യനിർമാർജനവും സ്ത്രീശാക്തീകരണവും പ്രധാന ലക്ഷ്യങ്ങളാക്കിയാണ് ഈ സ്ത്രീകൂട്ടായ്മ രൂപംകൊണ്ടത്. ഇന്ന് 46 ലക്ഷം സ്ത്രീകളും അവരുടെ കുടുംബങ്ങളും കുടുംബശ്രീയുടെ ഭാഗമാണ്.

ചടങ്ങിൽ തദ്ദേശമന്ത്രി എം ബി രാജേഷ് അധ്യക്ഷനാകും. കുടുംബശ്രീയുടെ ആദ്യ ഡിജിറ്റൽ റേഡിയോ ‘റേഡിയോ ശ്രീ’യുടെ ഉദ്ഘാടനവും മുഖ്യമന്ത്രി നിർവഹിക്കും. പുതുക്കിയ കുടുംബശ്രീ ലോഗോ പ്രതിപക്ഷ നേതാവ് വി ഡി സതീശനും തപാൽ വകുപ്പ് പുറത്തിറക്കിയ കവർ മന്ത്രി ആന്റണി രാജുവും ‘നിലാവ് പൂക്കുന്ന വഴികൾ’ എന്ന പുസ്തകം മന്ത്രി വി ശിവൻകുട്ടിയും പ്രകാശിപ്പിക്കും. എല്ലാ വർഷവും മെയ് 17 കുടുംബശ്രീ ദിനമായി ആചരിക്കാൻ കഴിഞ്ഞ ജനുവരിയിലാണ് സർക്കാർ ഉത്തരവിറക്കിയത്.

ഡോ. വന്ദന ദാസ് വധം

പ്രതി സന്ദീപ് 5 ദിവസം ക്രൈംബ്രാഞ്ച് കസ്റ്റഡിയിൽ

കൊല്ലം

കൊട്ടാരക്കര താലൂക്കാശുപത്രിയിൽ ഹൗസ് സർജൻ ഡോ. വന്ദന ദാസിനെ കുത്തിക്കൊന്ന കേസിൽ പ്രതി ജി സന്ദീപിനെ കോടതി ശനി പകൽ ഒന്നുവരെ ക്രൈംബ്രാഞ്ച് കസ്റ്റഡിയിൽ വിട്ടു. സന്ദീപിന്റെ ആരോഗ്യസ്ഥിതിയിൽ പ്രതിഭാഗം ആശങ്കയുന്നയിച്ചതിനാൽ 24 മണിക്കൂർ ഇടവേളയിൽ വൈദ്യപരിശോധന നടത്താനും കൊട്ടാരക്കര ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേട്ട് സി ബി രാജേഷ് ഉത്തരവിട്ടു. ബുധനും വെള്ളിയും പൊലീസ് സാന്നിധ്യത്തിൽ 15 മിനിറ്റ് അഭിഭാഷകന് പ്രതിയുമായി സംസാരിക്കാം.

സന്ദീപിന്റെ കാലിനു പൊട്ടലുണ്ടെന്ന് പ്രതിഭാഗം ചൂണ്ടിക്കാട്ടി. ഉടൻ വൈദ്യപരിശോധന നടത്താനും ആവശ്യമെങ്കിൽ പ്ലാസ്റ്റർ ഇടാനും കോടതി നിർദേശിച്ചു. പ്രതിക്കായി അഭിഭാഷകൻ ബി എ ആളൂർ കോടതിയിലെത്തി. പ്രോസിക്യൂഷനുവേണ്ടി അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഷൈലാ മത്തായി ഹാജരായി.

പൂജപ്പുര സെൻട്രൽ ജയിലിൽനിന്ന് ചൊവ്വ പകൽ 11നാണ് സന്ദീപിനെ കൊട്ടാരക്കര കോടതിയിൽ എത്തിച്ചത്. കോടതിയിൽ എത്തിക്കും മുമ്പ് കൊട്ടാരക്കര ഉമ്മന്നൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ സന്ദീപിനെ വൈദ്യപരിശോധനയ്ക്ക് വിധേയനാക്കി. ഇവിടെയും കോടതിക്കു മുന്നിലും അഖിലേന്ത്യ ജനാധിപത്യ മഹിളാ അസോസിയേഷൻ പ്രവർത്തകർ പ്രതിഷേധിച്ചു. അഭിഭാഷകൻ ആളൂരിന് എതിരെയും പ്രതിഷേധമുയർന്നു.

ഇന്ന് മെഡിക്കൽ ബോർഡിനു മുന്നിൽ

സന്ദീപിനെ മാനസികനില പരിശോധിക്കാൻ ബുധനാഴ്ച തിരുവനന്തപുരത്ത് മെഡിക്കൽ ബോർഡിനു മുന്നിൽ ഹാജരാക്കും. തിരുവനന്തപുരം മെഡിക്കൽ കോളേജ് സൂപ്രണ്ടാണ് ബോർഡിനെ നയിക്കുന്നത്. സന്ദീപിന് കാര്യമായ മാനസികാരോഗ്യപ്രശ്നമില്ലെന്ന് പൂജപ്പുര സെൻട്രൽ ജയിലിലെ പതിവുപരിശോധനയിൽ പേരൂർക്കട മാനസികാരോഗ്യകേന്ദ്രത്തിലെ ഡോക്ടർ കണ്ടെത്തിയിരുന്നു.

സന്ദീപിനെ ചോദ്യംചെയ്യാൻ ആരംഭിച്ചിട്ടുണ്ട്. കുത്താൻ ഉപയോഗിച്ച കത്രിക എങ്ങനെ, എപ്പോഴാണ് കൈക്കലാക്കിയത് എന്നതാണ് അറിയേണ്ട പ്രധാന കാര്യങ്ങളിലൊന്ന്. സന്ദീപിന്റെ കാലിൽ മുറിവ് എങ്ങനെയുണ്ടായെന്നും അറിയാനുണ്ട്. കാലിന് പ്ലാസ്റ്റർ ഇടേണ്ടിവന്നാൽ സംഭവം നടന്ന കൊട്ടാരക്കര താലൂക്കാശുപത്രിയിൽ എത്തിച്ച് തെളിവെടുപ്പ് നടത്തുന്നതു വൈകും.

ആശുപത്രി സംരക്ഷണ ഭേദഗതി ഓർഡിനൻസ് മന്ത്രിസഭ ഇന്ന് പരിഗണിക്കും

ഉറപ്പാക്കും, പഴുതടച്ച സുരക്ഷ

സ്വന്തം ലേഖകൻ

തിരുവനന്തപുരം

ആരോഗ്യപ്രവർത്തകർക്ക് സധൈര്യം ജോലി ചെയ്യാനുള്ള സാഹചര്യം ഉറപ്പാക്കാനാവശ്യമായ നിർദേശങ്ങൾ ഉൾക്കൊള്ളിച്ചുള്ള ആശുപത്രി സംരക്ഷണ ഭേദഗതി ഓർഡിനൻസ് ബുധനാഴ്ച മന്ത്രിസഭ പരിഗണിക്കും. ഡോക്ടർമാരെയും ആരോഗ്യ പ്രവർത്തകരെയും ഉപദ്രവിക്കുന്നവർക്കെതിരെ ശക്തമായ നിയമനടപടി ഉറപ്പാക്കുന്നതാണ് ഭേദഗതികൾ.

ആരോഗ്യ പ്രവർത്തകരെ കൈയേറ്റം ചെയ്യുകയോ അസഭ്യം പറയുകയോ ചെയ്താൽ പരമാവധി ശിക്ഷയുറപ്പിക്കാനുള്ള നിർദേശങ്ങളടങ്ങുന്നതാകും ഓർഡിനൻസ്. നിലവിലുള്ള നിയമത്തിലെ പഴുതുകൾ പൂർണമായും അടയ്ക്കും. നിലവിൽ മൂന്നു വർഷം തടവും അരലക്ഷം രൂപയുമാണ് ശിക്ഷ. ഇത് വർധിപ്പിച്ചേക്കും.

കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ഡോ. വന്ദന ദാസ് കുത്തേറ്റ് മരിച്ച സാഹചര്യത്തിൽ മുഖ്യമന്ത്രി വിളിച്ച ഉന്നതതല യോഗത്തിലാണ് ആശുപത്രികളിൽ സുരക്ഷ വർധിപ്പിക്കാനും ഓർഡിനൻസിറക്കാനും തീരുമാനിച്ചത്. ഡോക്ടർമാരുടെയും ഹൗസ് സർജന്മാരുടെയും സംഘടനകൾ മുന്നോട്ടുവച്ച ആവശ്യങ്ങളും പൊതുസാഹചര്യം വിലയിരുത്തിയുള്ള നിർദേശങ്ങളും ഓർഡിനൻസിന്റെ ഭാഗമാകും. ആരോഗ്യ സ്ഥാപനങ്ങൾ, ആരോഗ്യ പ്രവർത്തകർ എന്നീ നിർവചനങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ, ശിക്ഷകൾ തുടങ്ങിയവയിൽ കാലാനുസൃതമായ ഭേദഗതിയുണ്ടാകും.

ജോലിയെടുക്കുന്നതിന് തടസ്സമുണ്ടാക്കൽ, ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയും മറ്റുമുള്ള അപകീർത്തിപ്പെടുത്തൽ, ആശുപത്രിയിലെ ഏതെങ്കിലും വസ്തുവിന് നഷ്ടം വരുത്തൽ എന്നിവ ആക്രമണമായി കൂട്ടിച്ചേർക്കണമെന്ന് ഐഎംഎ നിർദേശിച്ചിരുന്നു. അക്രമികൾക്കെതിരെ ജാമ്യമില്ലാത്ത വകുപ്പനുസരിച്ച് കേസെടുക്കണം.

ഒരു മണിക്കൂറിനുള്ളിൽ എഫ്ഐആർ രജിസ്റ്റർ ചെയ്യണം, ആക്രമണമുണ്ടായാൽ അടുത്തുള്ള സ്റ്റേഷനിൽ അറിയിക്കണം, സുരക്ഷയുറപ്പാക്കുന്നതിൽ വീഴ്ചവരുത്തുന്നവർക്കെതിരെ നടപടി, വിചാരണ ആറു മാസത്തിൽ പൂർത്തിയാക്കണം, എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളും ചുറ്റുമുള്ള 500 മീറ്റർ പ്രദേശവും പ്രത്യേക സംരക്ഷണമേഖലയായി പരിഗണിക്കണം, മുൻകരുതലും പ്രതിരോധ നടപടികളും സ്വീകരിക്കണം തുടങ്ങിയ ആവശ്യങ്ങളാണ് ഡോക്ടർമാരുടെ സംഘടനകൾ മുന്നോട്ടുവച്ചിരിക്കുന്നത്. ഇതടക്കം പരിഗണിച്ചാകും ഓർഡിനൻസ്.

സംഘപരിവാറിനെതിരെ കത്തോലിക്കാസഭ പ്രസിദ്ധീകരണം

‘ഉത്തരേന്ത്യയിൽ ക്രൈസ്തവനെന്ന് പറയാൻ ധൈര്യമില്ലാതായി’

വേണു കെ ആലത്തൂർ

തൃശൂർ

- അക്രമങ്ങളോട് പ്രധാനമന്ത്രിക്ക് മൗനം

‘ഏത് വടക്കേ ഇന്ത്യൻ സംസ്ഥാനത്താണ് താൻ ഒരു ക്രൈസ്തവനാണെന്ന് ധൈര്യപൂർവം പറയാൻ ഇന്ന് ഒരാൾക്ക് കഴിയുക’യെന്ന് കത്തോലിക്കാസഭയുടെ ഇരിങ്ങാലക്കുട അതിരൂപത മുഖമാസികയായ കേരള സഭ. ‘കേരളത്തിലെ രാഷ്ട്രീയ നിലപാട് ക്രൈസ്തവർ തീരുമാനിക്കും’ എന്ന തലക്കെട്ടിൽ മെയ് ലക്കത്തിൽ എഴുതിയ മുഖപ്രസംഗത്തിലാണ് ഉത്തർപ്രദേശ്, ഛത്തീസ്ഗഢ്, ജാർഖണ്ഡ് എന്നിവിടങ്ങളിൽ ക്രൈസ്തവർക്കുനേരെ നടക്കുന്ന ആക്രമണങ്ങളെക്കുറിച്ച് ആശങ്ക പങ്കുവച്ചത്.

> രണ്ടുവർഷത്തിനിടെ ഇന്ത്യയിൽ അറുന്നൂറിലേറെ ക്രൈസ്തവ വേട്ട നടന്നു. ബിജെപി, സംഘപരിവാർ അംഗങ്ങളാണ് മിക്കയിടത്തും പ്രതികൾ

രണ്ടുവർഷത്തിനിടെ ഇന്ത്യയിൽ അറുന്നൂറിലേറെ ക്രൈസ്തവ വേട്ട നടന്നു. ബിജെപി, സംഘപരിവാർ അംഗങ്ങളാണ് മിക്കയിടത്തും പ്രതികൾ. ഇതേപ്പറ്റി 93 പ്രമുഖ വ്യക്തികൾ ഒപ്പിട്ട കത്ത് പ്രധാനമന്ത്രിക്ക് അയച്ചെങ്കിലും നിശബ്ദതയാണ് നരേന്ദ്രമോദി പാലിക്കുന്നത്. അദ്ദേഹമോ, ബിജെപിയുടെ മറ്റ് ഉന്നത നേതാക്കളോ ‘അരുതേ’ എന്നൊരു വാക്കുപറഞ്ഞാൽ ആക്രമണങ്ങൾ നിർത്താനാകും എന്ന കത്തിലെ അഭ്യർഥന വനരോദനമായി. അരമനകൾ കയറിയിറങ്ങിയാലും പള്ളികളിൽ നേർച്ചയിട്ടാലും മലയാറ്റൂർ മല ചവിട്ടിയാലും വീടുകൾ സന്ദർശിച്ചാലും കത്തോലിക്കാ വിശ്വാസികളുടെ മനസ്സിലെ മുറിവുകൾ അത്രപെട്ടെന്ന് ഉണക്കാൻ ഒരു രാഷ്ട്രീയ പാർടിക്കും കഴിയില്ല. 1998ൽ അടൽബിഹാരി വാജ്പേയിയുടെ നേതൃത്വത്തിലുള്ള എൻഡിഎ സർക്കാർ കേന്ദ്രത്തിൽ അധികാരത്തിലെത്തിയപ്പോൾ കെട്ടഴിച്ചുവിട്ട വിദ്വേഷത്തിന്റെ അശ്വമേധം ഇന്നും ജനാധിപത്യ– മതനിരപേക്ഷ ഇന്ത്യയുടെ നെഞ്ചിലൂടെയാണ് കുളമ്പടിച്ചു പൊടിയുയർത്തി വിഹരിക്കുന്നത്. 2014 ൽ നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള ബിജെപി സർക്കാർ വന്നപ്പോൾ, ക്രൈസ്തവർക്കെതിരായ പീഡനങ്ങൾ ദിനചര്യപോലെ ഏറ്റെടുക്കുകയായിരുന്നു സംഘപരിവാരങ്ങളെന്നും മുഖപ്രസംഗത്തിൽ പറയുന്നു.

ഈ ലക്കത്തിൽതന്നെ ‘കാവിക്കുകീഴിൽ ക്രൈസ്തവർ സുരക്ഷിതരോ, അരക്ഷിതരോ’ എന്ന പേരിൽ ഡോ. ജോഷി മയ്യാറ്റിൽ എഴുതിയ ലേഖനത്തിലും ക്രൈസ്തവർക്കെതിരെ സംഘപരിവാർ സംഘടനകൾ നടത്തിയ അക്രമങ്ങൾ അക്കമിട്ട് നിരത്തുന്നുണ്ട്.

പൊന്നമ്പലമേട്ടിൽ അനധികൃത പൂജ: വനം വകുപ്പ് കേസെടുത്തു

റാന്നി

- ആളുകളിൽനിന്ന് പണം വാങ്ങി അവിടെയെത്തി പൂജ നടത്തിയതായാണ് വനംവകുപ്പിന്റെ നിഗമനം

പൊന്നമ്പലമേട്ടിൽ അതിക്രമിച്ചു കയറി പൂജ നടത്തിയതിന് തൃശൂർ സ്വദേശി നാരായണൻ നമ്പൂതിരിക്കെതിരെ വനം വകുപ്പ് പച്ചക്കാനം ഡിവിഷൻ കേസെടുത്തു. അനധികൃതമായി വനത്തിൽ കയറിയതിനാണ് കേസ്. പൊന്നമ്പലമേട്ടിൽ കയറി ഇയാൾ പൂജ നടത്തുന്നത് സമൂഹമാധ്യമങ്ങളിൽ പ്രചരിച്ചതോടെയാണ് വിവരം പുറത്തറിയുന്നത്. 40 വർഷത്തിലധികം ശബരിമലയിലെ ദേവസ്വം ബോർഡ് ശാന്തിക്കാരന്റെ സഹായിയായിരുന്നു.

ആളുകളിൽനിന്ന് പണം വാങ്ങി അവിടെയെത്തി പൂജ നടത്തിയതായാണ് വനംവകുപ്പിന്റെ നിഗമനം. വള്ളക്കടവ് പാതയിലെ വനത്തിലൂടെയാകാം സ്ഥലത്ത് എത്തിയതെന്നും ശബരിമലയുമായി ഉണ്ടായിരുന്ന ദീർഘനാളത്തെ ബന്ധം വഴി കണ്ടുപിടിക്കാൻ സഹായിച്ചിരിക്കാമെന്നും കരുതുന്നു. ഇയാളെ അറസ്റ്റുചെയ്താലേ വിവരങ്ങൾ വിശദമായി അറിയാൻ കഴിയൂവെന്ന് വനം വകുപ്പ് അധികൃതർ അറിയിച്ചു. പ്രചരിച്ച ദൃശ്യങ്ങളിലുള്ള മറ്റുള്ളവരെക്കുറിച്ചും അന്വേഷിക്കും.

ദേവസ്വം ബോർഡ് അന്വേഷിക്കും

പത്തനംതിട്ട

പൊന്നമ്പലമേട്ടിൽ അനധികൃതമായി കയറി പൂജ നടത്തിയതായി പ്രചരിക്കുന്ന വീഡിയോയെക്കുറിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡ് അന്വേഷിക്കും. ദൃശ്യങ്ങൾ യഥാർഥമാണോയെന്ന് വ്യക്തമല്ലെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് കെ അനന്തഗോപൻ പറഞ്ഞു. വനംവകുപ്പിന്റെ അറിവില്ലാതെ ഈ മേഖലയിലേക്ക് ആർക്കും പോകാൻ സാധിക്കില്ല.

ദൃശ്യത്തിൽ കാണുന്നയാൾ നേരത്തേ ഒരു കീഴ്ശാന്തിയുടെ സഹായിയായി പ്രവർത്തിച്ചതായി പറയുന്നു. ഇയാൾ ശബരിമല മേൽശാന്തിയെന്ന് പ്രചരിപ്പിച്ച് തട്ടിപ്പ് നടത്തിയിരുന്നതായും പറയുന്നു. എന്താണ് സംഭവിച്ചതെന്ന് അന്വേഷിച്ച് സത്യം കണ്ടെത്തും. കുറ്റക്കാരെന്ന് കണ്ടെത്തിയാൽ നടപടിയുണ്ടാകുമെന്ന് കെ അനന്തഗോപൻ പറഞ്ഞു.

മന്ത്രി റിപ്പോർട്ട് തേടി

തിരുവനന്തപുരം

പൊന്നമ്പലമേട്ടിൽ പൂജ നടന്നെന്ന സംഭവത്തിൽ ദേവസ്വം മന്ത്രി കെ രാധാകൃഷ്ണൻ അടിയന്തര റിപ്പോർട്ട് തേടി. തിരുവിതാംകൂർ ദേവസ്വം ബോർഡ് കമീഷണറോട് വിശദമായി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ മന്ത്രി നിർദേശിച്ചു.